# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൽപ്പറ്റ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ(ഡബ്ല്യൂ.വൈ.ഡി)-എം3-170/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 29/03/2023
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കൽപ്പറ്റ മുനിസിപ്പാലിറ്റി

സർ,

വിഷയം : കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്ര സഹിതം)
2. റീജിയണൽ ഡയറക്ടർ, അർബൻ അഫയേഴ്സ്, കോഴിക്കോട്
3. കാര്യാലയ പതർപ്പ്

നമ്പർ: കെ.എസ്.എ(ഡബ്ല്യൂ.വൈ.ഡി)-എം3-170/2023 തീയ്യതി: 29/03/2023

## വയനാട് ജില്ലയിലെ കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| വസന്ത പി എസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 30-01-2023 | 14-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 30-01-2023 | 14-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഷാജു തോമസ്, ഓഡിറ്റ് ഓഫീസർ
കെ എം നവാസ് , അസി.ഓഡിറ്റ് ഓഫീസർ
കെ അലി അക്ബർ, അസി.ഓഡിറ്റ് ഓഫീസർ
ഇന്ദു കെ നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ഹസീന സി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മുജീബ് കേയംതൊടി | ചെയർമാൻ | 01-04-2021 | 31-03-2022 |
| സന്ദീപ് കുമാർ | സെക്രട്ടറി | 01-04-2021 | 16-09-2021 |
| രവീന്ദ്രൻ കെ ജി | സെക്രട്ടറി | 17-09-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഖിൽ പി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ശ്രീകുമാർ മുകുന്ദൻ | മെഡിക്കൽ ഓഫീസർ ജനറൽ ആശുപത്രി | 01-04-2021 | 31-03-2022 |
| ജംഷീദ് ചെമ്പൻതൊടിക | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| സത്യൻ കെ | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ഡോ.ജയകൃഷ്ണൻ | വെറ്റിനറി സർജൻ | 01-04-2021 | 05-09-2021 |
| ഡോ.ജയരാജ് | വെറ്റിനറി സർജൻ | 06-09-2021 | 31-03-2022 |
| ബാവ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 30-04-2021 |
| ശാന്തമ്മ കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-05-2021 | 31-03-2022 |
| ബിജു വി ജി | അസി .എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| സജീവൻ | പ്രിൻസിപ്പാൾ | 01-04-2021 | 31-03-2022 |
| ആഷിഖ് ബാബു സി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| എൻ അയ്യപ്പൻ | ഇൻഡസ്ട്രീയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 30-09-2021 |
| ഷീബ മുല്ലപ്പള്ളി | ഇൻഡസ്ട്രീയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-10-2021 | 31-03-2022 |
| ബാബുരാജ് | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |

<u>ഉള്ളടക്കം</u>



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന . | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി പിരിവ്-അപാകതകൾ | 1-12 |
| 13 | വാടക ഈടാക്കാൻ അവശേഷിക്കുന്നു. | 1-13 |
| 14 | വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ | 1-14 |
| 15 | നഗരസഭയുടെ സ്ഥലം കൈയ്യേറി പാർക്കിംഗ് സ്ഥലം ഒരുക്കിയ കെട്ടിടത്തിന് നമ്പർ അനുവദിച്ചു | 1-15 |
| 16 | വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല | 1-16 |
| 17 | തനത് ഫണ്ട് ചെലവ് അപാകതകൾ | 1-17 |
| 18 | ഭിന്നശേഷി സ്കോളർഷിപ്പ്-ട്രഷറി ബില്ലുകൾ, UTR സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല | 1-18 |
| 19 | നഗര സൗന്ദര്യം - പൂച്ചെടി വെച്ചു പിടിപ്പിക്കൽ -അപാകതകൾ | 1-19 |
| 20 | ഭവന പൂർത്തീകരണം -സർക്കാർ ഉത്തരവിന് വിരുദ്ധം- ₹ 22,60,000.00 തടസ്സപ്പെടുത്തുന്നു. | 1-20 |
| 21 | രേഖകൾ ഹാജരാക്കിയിട്ടില്ല-₹ 5,40,000.00 തടസ്സപ്പെടുത്തുന്നു. | 1-21 |
| 22 | സൈക്കിൾ വിതരണം-മാർഗ്ഗരേഖ പാലിച്ചിട്ടില്ല | 1-22 |
| 23 | മെറിറ്റോറിയസ് സ്കോളർഷിപ്പ്-₹ 10,40,000.00 തടസ്സപ്പെടുത്തുന്നു. | 1-23 |
| 24 | ആശുപത്രിയുടെ ദൈനം ദിന ചെലവുകൾ - ₹ 8,01,480.00 തടസ്സപ്പെടുത്തുന്നു. | 1-24 |
| 25 | വയോജനങ്ങൾക്ക് വൈദ്യസഹായ ഉപകരണങ്ങൾ വാങ്ങൽ- പദ്ധതി തുക ₹ 15,33,140.00പാഴായി | 1-25 |
| 26 | മരുന്നുകൾ ലഭ്യമായിട്ടില്ല- ₹ 9,67,648 തടസ്സപ്പെടുത്തുന്നു. | 1-26 |

| | | |
|---|---|---|
| 27 | ഹെൽത്ത് ഇൻസ്‌പെക്ടർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-27 |
| 28 | മരാമത്ത് പ്രവൃത്തി ബില്ലിൽ നിന്നും ടെണ്ടർ നിരക്ക് കുറവ് വരുത്തിയില്ല, 1,02,847 രൂപ നഷ്ടം | 1-28 |
| 29 | കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സൊസൈറ്റിക്ക് പ്രവൃത്തി അനുവദിയ്ക്കാത്തതിനാൽ അധിക ചെലവുണ്ടായി | 1-29 |
| 30 | ഗ്യാരണ്ടി പീരീഡിൽ തകർന്ന റോഡുകൾ നന്നാക്കിയില്ല, | 1-30 |
| ഭാഗം **2** | | |
| 1 | വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത 20721 രൂപ നഷ്ടം | 2-1 |
| ഭാഗം **3** | | |
| 1 | മരാമത്ത് പ്രവൃത്തി ബില്ലിൽ നിന്നും ടെണ്ടർ നിരക്ക് കുറവ് വരുത്തിയില്ല, 1,02,847 രൂപ നഷ്ടം | 3-1 |
| 2 | കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സൊസൈറ്റിക്ക് പ്രവൃത്തി അനുവദിയ്ക്കാത്തതിനാൽ അധിക ചെലവുണ്ടായി | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Abstract Of Annual Financial Statements | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

കൽപ്പറ്റ നഗരസഭയുടെ 2021-22 ലെ ബജറ്റ്, 22/02/2021-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചവിവരം ലഭ്യമാക്കിയിട്ടില്ല

ബജറ്റ് തയ്യാറാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. ബഡ്ജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

1994-ലെ കേരള മുൻസിപ്പാലിറ്റി ആക്ട്, വകുപ്പ് 285 പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി സെക്രട്ടറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മുൻപ് വാർഷിക പദ്ധതി തയ്യാറാക്കിയതായോ , നഗരസഭ കൗൺസിൽ തീരുമാനപ്രകാരം മേഖലാതല ഫണ്ട് വിഭജനവിവരങ്ങൾ തയ്യാറാക്കിയതായോ കാണുന്നില്ല.സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ് ,ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപനങ്ങളുടെ ലിസ്റ്റ് എന്നിവ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതായോ അപ്രകാരം നികുതി /നികുതിയേതര വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.

2.ബജറ്റ് വാസ്തവികമല്ല

ബജറ്റ് വാസ്തവികമായിരിക്കേണ്ടതാണ്. നഗരസഭയുടെ ബഡ്ജറ്റ് യഥാർത്ഥ വരവുചെലവുകളുമായി വളരെ അന്തരമുള്ളതാണ്. മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു വ്യതിയാനത്തോടൊപ്പവും വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. നഗരസഭയുടെ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് തുകകളും യഥാർത്ഥ വരവ് ചെലവ് തുകകളും തമ്മിൽ വലിയ അന്തരമുണ്ട്.

വരവ്

| ക്രമ. നം | ഇനം | ബജറ്റ് പ്രകാരം വരവ് | വാർഷിക കണക്ക് പ്രകാരം വരവ് |
|---|---|---|---|
| 1. | ഓഡിറ്റോറിയം വാടക | 50,000 | 500 |
| 2. | വിനോദ നികുതി | 1,00,000 | 82660 |
| 3. | തൊഴിൽ നികുതി | 1,46,48,000 | 1,32,93,493 |

ചെലവിനം

| ക്രമ. നം | ഇനം | ബജറ്റ് പ്രകാരം ചെലവ് | വാർഷിക കണക്ക് പ്രകാരം ചെലവ് |
|---|---|---|---|
| 1. | വേജസ് | 48,75,000 | 32,53,731 |
| 2. | വാഹന വാടക | 2,50,000 | 3,51,201 |

| | | | |
|---|---|---|---|
| 3. | ഇലക്ഷൻ ചെലവ് | 43,000 | 1,97,024 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 08.08.2022 | ഇല്ല | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 6,54,50,910 |
| വരവ് | ₹ 23,95,04,112 |
| ആകെ | ₹ 30,49,55,022 |
| ചെലവ് | ₹ 24,48,24,228 |
| നീക്കിയിരിപ്പ് | ₹ 6,01,30,794 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി(₹) | വരവ്(₹) | ആകെ(₹) | ചെലവ്(₹) | സി.ബി/ ലാപ്സായ തുക(₹) |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | 0 | 35238067 | 35238067 | 35237992 | 75 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 9757900 | 9757900 | 8589001 | 1168899 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 14322933 | 14322933 | 13175398 | 1147535 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 16977661 | 16977661 | 15882916 | 1094745 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 16758456 | 16758456 | 11274785 | 5483671 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ബേസിക് | | 19668340 | 19668340 | 14888078 | 4780262 |
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് | | 38746695 | 38746695 | 28678836 | 10067859 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 1000000 | 29789313 | 30789313 | 30789313 | 0 |
| ബി ഫണ്ട് | | 61484102 | 61484102 | 61484102 | |
| തനത് ഫണ്ട് | 26920893 | 111651076 | 138571969 | 112949765 | 25622204 |

ജനറൽ പർപ്പസ് ഫണ്ട്, ബി ഫണ്ട്, തനത് ഫണ്ട് എന്നവിയുടെ വരവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകൾ ശതമാനം |
|---|---|---|---|---|---|---|
| 263 | 19,87,04,980 | 202 | 13,33,99,391 | 0 | 61 | 77 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| പട്ടിക ജാതി വികസന ഓഫീസർ | 6 | 6 | 6900000 | 5980000 | 93 |
| കൃഷി ഓഫീസർ | 5 | 5 | 1357416 | 1357416 | 100 |
| ടി.ഇ.ഒ | 1 | 1 | 300000 | 246050 | 82 |
| സെക്രട്ടറി | 43 | 36 | 58372781 | 46371401 | 79 |

| | | | | | |
|---|---|---|---|---|---|
| വെറ്റിനറി സർജൻ | 3 | 2 | 4695938 | 1251400 | 26 |
| അസിഎഞ്ചിനീയർ | 173 | 128 | 100676995 | 56052162 | 56 |
| ICDS സൂപ്പർ വൈസർ | 2 | 2 | 6000000 | 6000000 | 100 |
| പ്രിൻസിപ്പൽ ഹയർ സെക്കണ്ടറി | 8 | 6 | 5931810 | 4802620 | 81 |
| സൂപ്രണ്ട്, ജനറൽ ആശുപത്രി | 10 | 9 | 10101040 | 8287399 | 82 |
| ഹെൽത്ത് ഇൻസ്പെക്ടർ | 9 | 5 | 4131000 | 2765968 | 67 |
| ഫിഷറീസ് ഇൻസ്പെക്ടർ | 3 | 2 | 738000 | 284975 | 37 |
| ആകെ | 263 | 203 | | | |

## 1-6 അയ്യങ്കാളി തൊഴിലുറപ്പപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | | | 9608263 | |
| ഭരണ ചെലവുകൾ | 1732505 | 10134066 | 11866571 | 606953 | 1148158 |
| സാധന സാമഗ്രികൾ | | | | 503197 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | Nil | Nil |
| കർഷകതൊഴിലാളി പെൻഷൻ | 2829000 | 185 |
| വിധവാപെൻഷൻ | 18381400 | 1246 |
| വാർദ്ധക്യകാലപെൻഷൻ | 28378400 | 2135 |
| വികലാംഗപെൻഷൻ | 4667900 | 322 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 90000 | 4 |

**മേൽ കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.**

## 1-8 ക്യാഷ് ബാലൻസ് പരിശോധന .

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന .

9-2-2023 തീയ്യതിയിൽ 3.00 മണിയ്ക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17841/- രൂപയുടെ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

കേരള മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 22 (ഡി) പ്രകാരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ധനകാര്യം, നികുതി, അക്കൌണ്ടുകൾ, ഓഡിറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവ കൈകാര്യം ചെയ്യേണ്ടതാണ്. 2021-22 സാമ്പത്തിക വർഷം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെങ്കിലും പുതിയ നികുതി വരവുകൾ കണ്ടെത്തുന്നതിനോ, നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനോ, നികുതിയിനത്തിൽ ലഭിക്കാനുള്ള തുകകൾ പിരിച്ചെടുക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. 2021-22 വർഷത്തിൽ പിരിഞ്ഞു കിട്ടേണ്ടതായ നികുതികൾ പിരിച്ചെടുക്കേണ്ടതിനെക്കുറിച്ച് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുകയോ തുടർനടപടികൾ ഭരണസമിതിയ്ക്ക് ശിപാർശ ചെയ്യുകയോ ചെയ്തിട്ടില്ല.

സർക്കാർ ഉത്തരവിനനുസരിച്ചുള്ള നികുതിയേതര വരുമാനം വർദ്ധനവ് വരുത്തിയിട്ടില്ല.

സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തലവികസനത്തിനും സാമ്പത്തിക സുസ്ഥിരതയ്ക്കും നികുതിയേതര വരുമാന വർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ,ചാർജ്ജുകൾ എന്നിവ 01-04-2019 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി സ.ഉ (അച്ചടി) 28/2019 ധന.തീയതി 08-03-2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാ ഗ്രാന്റ്-ഇൻ എയ്ഡ് സ്ഥാപനങ്ങളും പുതുക്കിയ സേവനനിരക്കുകൾ വ്യക്തമാക്കി പ്രത്യേകം ഉത്തരവ് നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നതാണ്. ഇതനുസരിച്ച് കൽപ്പറ്റ നഗരസഭയിൽ ഫീസിനങ്ങളിൽ വർദ്ധനവ് വരുത്തുകയോ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഈ വിഷയം ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല.

കേരള മുൻസിപ്പാലിറ്റി ആക്റ്റ് വകുപ്പ് 22 (ഇ)പ്രകാരം വികസന സ്റ്റാൻഡിംഗ് കമ്മിറ്റി വികസന ആസൂത്രണം, സാമൂഹ്യവും സാമ്പത്തികവുമായ പ്ലാനിംഗ്,സ്പെഷൽ പ്ലാനിംഗ്, കൃഷി, മണ്ണ് സംരക്ഷണം, സാമൂഹ്യവനവൽക്കരണം, മൃഗസംരക്ഷണം, ക്ഷീരവികസനം, ചെറുകിട ജലസേചനം, മത്സ്യബന്ധനം, ചെറുകിടവ്യവസായം, പൊതുമരാമത്ത്, പാർപ്പിടസൗകര്യം, കെട്ടിടനിർമാണങ്ങളുടെ നിയന്ത്രണം, വൈദ്യുതി എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാകുന്നു 13-ാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ സർക്കാർ ഉത്തരവ് (എം.എസ്)72/2017 ത.സ്വ.ഭ.വ തീ 29.3.2017 ൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.പദ്ധതി ആസൂത്രണവും മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട് കൃഷി,മത്സ്യബന്ധനം,തൊഴിലുറപ്പ് പദ്ധതി,മണ്ണ് ജലസംരക്ഷണം,പരിസ്ഥിതി സംരക്ഷണം, മൃഗസംരക്ഷണം, ക്ഷീരവികസനം, പ്രാദേശിക സാമ്പത്തിക വികസനം, പൊതുമരാമത്ത് എന്നീ വിഷയങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണ്. എന്നാൽ സ്റ്റാൻഡിംഗ് കമ്മിറ്റികൾ യഥാവിധി ചുമതലകൾ നിർവഹിച്ചിട്ടില്ല.വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വർക്കിംഗ് ഗ്രൂപ്പ് യഥാവിധി യോഗം ചേരുകയോ പദ്ധതി മോണിറ്ററിംഗ് നടത്തുകയോ ചെയ്തിട്ടില്ല.

കേരള മുൻസിപ്പാലിറ്റി ആക്റ്റ് വകുപ്പ് 22 (എഫ്)പ്രകാരം ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പട്ടികജാതി-പട്ടികവർഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷാ പ്രവർത്തനം, ചേരി പരിഷ്കരണം, ദാരിദ്ര്യ നിർമാർജ്ജനം, പൊതു വിതരണ സമ്പ്രദായം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാകുന്നു.

പദ്ധതി ആസൂത്രണവും മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട് ദാരിദ്ര്യ ലഘൂകരണം, സാമൂഹ്യനീതി, വനിത വികസനം, പട്ടികജാതി/പട്ടികവർഗ വികസനം എന്നീ വിഷയങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണ്.2021-22 സാമ്പത്തീക വർഷം 3 തവണ മാത്രമേ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളൂ. പല അങ്കണവാടികളും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ പ്രവർത്തിക്കുന്നുവെങ്കിലും സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ഈ വിവരങ്ങൾ ചർച്ചചെയ്തിട്ടില്ല. ഓരോ മേഖലയിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് മുൻപ് ആ മേഖലയിലെ ആവശ്യകതകൾ അവലോകനം ചെയ്യേണ്ടതാണെങ്കിലും അത് പാലിച്ചിട്ടില്ല.

കേരള മുൻസിപ്പാലിറ്റി ആക്റ്റ് വകുപ്പ് 22 (ജി)പ്രകാരം ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി പൊതുജനാരോഗ്യം, ശുചീകരണം, അപകടവും അസഹ്യതയും ഉണ്ടാക്കുന്ന വ്യാപാരങ്ങളുടെ നിയന്ത്രണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ്.എന്നാൽ ബന്ധപ്പെട്ട മേഖലയിലെ ആവശ്യകതകൾ അവലോകനം ചെയ്തിട്ടില്ല.

കേരള മുൻസിപ്പാലിറ്റി ആക്റ്റ് വകുപ്പ് 22 (എച്ച്)പ്രകാരം പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി പൊതുമരാമത്ത്,പാർപ്പിട സൗകര്യം, കെട്ടിടനിർമ്മാണങ്ങളുടെ നിയന്ത്രണം ഉൽപ്പെടെയുള്ള നഗരാസൂത്രണം, പരിസ്ഥിതി, വൈദ്യുതി, ശുദ്ധജലവിതരണം (കുടിവെള്ളം), അഴുക്കുചാൽ, പരിസ്ഥിതി, എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാകുന്നു. എന്നാൽ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി ഈ വിഷയങ്ങൾ ചർച്ച ചെയ്തിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ സംഘടിപ്പിക്കുന്നതിലും ഡാറ്റ ശേഖരിച്ച്, പദ്ധതികൾ മോണിറ്ററിംഗ് നടത്തുന്നതിലും സ്റ്റാൻഡിംഗ് കമ്മിറ്റികൾ ശ്രദ്ധിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷം വർക്കിംഗ് ഗ്രൂപ്പുകൾ യഥാവിധി യോഗം ചേർന്നിട്ടില്ല.

സ.ഉ (സാധാ)നം. 540/2019/തസ്വഭവ തീ.6.3.2019 ൽ നഗരസഭകളുടെ വസ്തുനികുതി പരിഷ്കരണം 2019 സെപ്റ്റംബർ മാസത്തിനകം പൂർത്തീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നഗരസഭ രൂപീകരിച്ച് 32 വർഷം കഴിഞ്ഞിട്ടും നാളിതുവരെ വസ്തു നികുതി പരിഷ്കരണം പൂർത്തിയാകാത്തതിനാൽ നഗരസഭയ്ക്ക് വസ്തുനികുതിയിനത്തിൽ വൻ നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ചുരുക്കത്തിൽ വ്യത്യാസം സ്റ്റാൻഡിംഗ് കമ്മിറ്റികളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വങ്ങൾ നടപ്പിലാക്കാത്തതു കൊണ്ടും കൃത്യമായ മേൽനോട്ടക്കുറവ് മൂലവും നഗരസഭയ്ക്ക് തനതു വരുമാനത്തിൽ വർഷാവർഷങ്ങളിൽ വൻ കുറവ് സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.06.2015 മുതൽ 18.06.2015 വരെ | 2012-13 മുതൽ 2014-15 വരെ | 22.12.2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.10.2022 | 1.4.2018 To 30.9.2022 | ലഭിച്ചിട്ടില്ല |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

കൽപ്പറ്റ നഗരസഭ ലഭ്യമാക്കിയ 2021-22 വർഷത്തെ വാർഷിക കണക്കുകളിലെ അപാകതകൾ താഴെപ്പറയുന്നു.

1) 2020-21 വർഷത്തെ വാർഷികകണക്കുകൾക്കുള്ള അപാകതകൾ പരിഹരിച്ച് അറിയിച്ചിട്ടില്ല.

2) വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

3) RP40(b) യിലെ താഴെ പറയുന്ന ബാങ്ക്/ട്രഷറി അക്കൌണ്ടുകളുടെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ബാങ്ക് / ട്രഷറി യുടെ പേര് | അക്കൌണ്ട് നമ്പർ | നീക്കിയിരിപ്പ് |
|---|---|---|---|
| 1 | Treasury MF A/c 1 | - | 0 |
| 2 | TSB Own Fund A/c | - | 0 |
| 3 | Treasury A/c Covid | - | 0 |
| 4 | Covid 19 CFLTC | - | 0 |
| 5 | Bank Of India-IWMP | - | 0 |
| 6 | Unoion Bank Of India-Swatch Bharath | - | 720352 |
| 7 | Treasury A/c | 186 | 8,724 |
| 8 | Treasury A/c | TPA50 | 2,09,754 |
| 9 | Treasury A/c | TPA107 | 1,00,000 |
| 10 | Treasury A/c | 108 | 40,02,897 |

4) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ തനത് ഫണ്ട് അക്കൗണ്ടിൽ(നം.40123101029668) Cheque Deposited Not Collected From Bankഎന്ന ഇനത്തിൽ 13,17,129.00 രൂപ നഗരസഭക്ക് ലഭിക്കാൻ അവശേഷിക്കുന്നുണ്ട്.

5) കാനറ ബാങ്ക് UIDSSMT(A/c No.1056827) -ന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കി ബാക്കി ₹ 50,068.00 ആണ്. എന്നാൽ, വാർഷിക കണക്ക് പ്രകാരം നീക്കി ബാക്കി ₹ 50,422.00 ആണ്.

6)26/07/2011-ലെ ജി.ഒ.(എം.എസ്)152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയായിട്ടില്ല. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല. സ്ഥിര ആസ്തികളുടെ (ഭൂ ആസ്തി ഉൾപ്പെടെ) മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. നഗരസഭാ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യത്തിന്റെ (Land) അക്കൗണ്ടിങ്ങ് 31.03.2023 വരെ ആരംഭിച്ചിട്ടില്ല. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ നഗരസഭ ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. ആസ്തികളുടെ കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെയും ബി-3 ഷെഡ്യൂളിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചില്ല. നഗരസഭ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ആസ്തിമൂല്യം നിശ്ചിത സാംഖ്യ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

7) ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ₹ 7,23,564.00 ആണ്. എന്നാൽ നഗരസഭ എഴുതി സൂക്ഷിക്കേണ്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ലഭിക്കാത്തതിനാൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം പരിശോധിച്ചുറപ്പിക്കാൻ സാധിച്ചിട്ടില്ല.

8) ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി. 9 – 350800100 – Liability In Respect Of Stale Cheques - ഹെഡിൽ ഉള്ള
₹46,60,307
കാലാവധി കഴിഞ്ഞ ചെക്കുകളുടേതാണ്. ആയതിനാൽ ഈ തുക നഗരസഭ ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

9) Income And Expenditureപത്രിക സംക്ഷിപ്തപ്രകാരം ഡിപ്രീസിയേഷൻ 3,88,934 ഉണ്ട്(I-17(a)).എന്നാൽ, Income And Expenditureപത്രികയിൽ പ്രകാരം I-17(a) ഷെഡ്യൂൾ ഇല്ല.

10) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം നികുതി നികുതിയേതര വരുമാനത്തിൽ കുടിശ്ശിക ഉണ്ട്.എന്നാൽ നികുതി

,നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

11) RP 24 – ലുള്ള വരവ്, ചെലവ് പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. പ്രത്യേക ഉദ്ദേശ്യ പരിപാടികൾക്ക് ലഭ്യമാകുന്ന ഫണ്ടുകളുടെ വരവ്, ചെലവ്, നീക്കി ബാക്കി എന്നിവ കാണിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, പലവക ഡിമാൻഡ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

12) വാർഷികകണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms, Hire Charges Of Vehicles, Sale Of Agricultural Products എന്നീ ഇനങ്ങളിൽ യഥാക്രമം ₹ 4,80,006, ₹ 1,54,004, ₹ 62,200 എന്നിങ്ങനെ വരവുണ്ട്. ഇവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

13) വാർഷികകണക്ക് ഷെഡ്യൂൾ RP-4 പ്രകാരം Birth, Death & Marriage Registrsation, Ation, Other Fees, Penal Interst, Fines, Notice Fees, Public Sanitation Charges, Crematorium Fees, Road Cutting Chargesഎന്ന ഇനത്തിൽ ഉള്ള വരവുകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

14) തൻവർഷം ക്യൂ ബിൽ ആയ തുക വാർഷികകണക്കിൽ ലയബിലിറ്റി ആയി ഉൾപ്പെടുത്തിയിട്ടില്ല.

15) തൊഴിൽ നികുതി രജിസ്റ്ററുകൾ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്താത്തതിനാൽ വാർഷിക കണക്കുമായി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

16) വസ്തു നികുതിയുടെ ഡി.സി.ബി പത്രിക ലഭ്യമാക്കാത്തതിനാൽ വാർഷിക ധനകാര്യപത്രികയുമായി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

17) അക്രൂവൽ ഇനങ്ങളായ തൊഴിൽ നികുതി - ട്രേഡേഴ്സ്, ഡി&ഒ ലൈസൻസ് തുടങ്ങിയവക്ക് കൃത്യമായ ഡിമാൻറ് രജിസ്റ്റർ സൂക്ഷിക്കാതെ തൻവർഷത്തെ കളക്ഷൻ തുകയോടൊപ്പം മുൻവർഷം ലഭിച്ച അഡ്വാൻസ് തുക ചേർത്ത് ഡിമാൻറ് രേഖപ്പെടുത്തുന്ന രീതിയാണ് തുടർന്നുവരുന്നത്. ഇതുമൂലം തൻവർഷ കുടിശ്ശിക കണക്ക് നഗരസഭയിൽ ലഭ്യമാകുന്നില്ല.

18) വാടക വരവ് രജിസ്റ്ററുകൾ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്താത്തതിനാൽ വാർഷിക കണക്കുമായി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

19) താഴെ പറയുന്ന ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള തുകയും വാർഷിക കണക്ക് പ്രകാരമുള്ള തുകയും യോജിക്കുന്നില്ല.

| ക്രമ നം. | ഫണ്ടിനം | വാർഷിക കണക്ക് പ്രകാരം(₹) | എ.സി.ആർ പ്രകാരം(₹) | വ്യത്യാസം(₹) |
|---|---|---|---|---|
| 1 | വികസന ഫണ്ട്(ജനറൽ) | 3,49,72,317.00 | 3,52,37,992.00 | 2,65,675.00 |
| 2 | വികസന ഫണ്ട്( SCP) | 84,29,001.00 | 85,89,001.00 | 1,60,000.00 |

20) ജനറൽ പർപ്പസ് ഗ്രാന്റിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

21) RP-6-ലെ Fund For Transferred Institutions -Education, Special Grants എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

22) കെട്ടിട നിർമ്മാണ പെർമിറ്റിന്റെയും റെഗുലറൈസേഷന്റെയും വാർഷിക സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല. അതിനാൽ, വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

23) ഡെപ്പോസ്റ്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല. അതിനാൽ, വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

24) IFTEOS ലൈസൻസ് സംക്ഷിപ്തം വാർഷിക കണക്കുമായി യോജിക്കുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരം(₹) | രജിസ്റ്റർ പ്രാകാരം(₹) | വ്യത്യാസം(₹) |
|---|---|---|---|
| കറന്റ് ഡിമാന്റ് | 24,26,020.00 | 26,00,920.00 | 1,74,900.00 |
| അരിയർ ഡിമാന്റ് | 4,68,846.00 | 0 | 4,68,846.00 |
| കറന്റ് കളക്ഷൻ | 27,01,345.00 | 26,08,270.00 | 93,075.00 |
| അരിയർ കളക്ഷൻ | 84,000.00 | 0 | 84,000.00 |
| കറന്റ് ബാക്കി | (-)3,14,370.00 | 65,150.00 | 3,79,520.00 |
| അരിയർ ബാക്കി | 3,84,846.00 | 0 | 3,84,846.00 |

25) ബാലൻസ് ഷീറ്റ് B-12 ഷെഡ്യൂൾ പ്രകാരം ക്ലീൻ കേരള കമ്പനിയുടെ ₹ 10,00,000.00 ഷെയർ വാങ്ങിയിട്ടുണ്ട്. എന്നാൽ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

26) അയ്യങ്കാളി അർബൻ എപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം കാഷ് ബുക്ക് വാർഷിക കണക്കുമായി യോജിക്കുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരം(₹) | രജിസ്റ്റർ പ്രാകാരം(₹) | വ്യത്യാസം(₹) |
|---|---|---|---|
| വരവ് | 1,00,00,000.00 | 1,01,34,066.00 | 1,34,066.00 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.15/21-22/14.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ വിശദാംശങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-12 തൊഴിൽ നികുതി പിരിവ്-അപാകതകൾ

കൽപ്പറ്റ നഗരസഭയിലെ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ,റിട്ടേണുകൾ എന്നിവയിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 245-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും അർദ്ധ വർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്തു താമസിച്ചുകൊണ്ട് ഒരു തൊഴിലോ, കലയോ ,ജോലിയോ നടത്തുകയോ, ബിസിനസ് നടത്തുകയോ, പൊതുവോ ,സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നതായ ഏതൊരാളും ചട്ടങ്ങൾ അനുസരിച്ച് കണക്കാക്കിയ അർദ്ധ വാർഷിക നികുതി ഒടുക്കേണ്ടതാണ്. കല്പറ്റ നഗരസഭയുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭാ പരിധിയിൽ സ്ഥിതി ചെയ്യുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2021-22 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | മെഡിക്കൽ ഓഫീസർ മാതാ അമൃതാനന്ദമയീ ആശുപത്രി | രണ്ട് അർദ്ധവർഷവും നികുതി അടവാക്കിയില്ല |
| 2 | ഹെഡ് മാസ്റ്റർ ശ്രീ ശങ്കര വിദ്യാ മന്ദിർ | രണ്ട് അർദ്ധവർഷവും നികുതി അടവാക്കിയില്ല |
| 3 | എൻ.എം.ഡി.സി കൽപ്പറ്റ | “ |
| 4 | എച്ച.ഡി.എഫ്.സി ലൈഫ് ഇൻഷ്വറൻസ്. | “ |
| 5 | അനിൽ അസ്സോസിയേറ്റ്സ്. | “ |
| 6 | ജ്യോതി ഹോം സയൻസ് | “ |
| 7 | കൈരളി അപ്പാർട്ട്മെന്റ്സ്. | “ |
| 8 | 1980 റസ്റ്റോറന്റ് | “ |
| 9 | കെ.കെ റസിഡൻസി | “ |
| 10 | ലീഡ്സ് ഹെൽത്ത് കെയർ ആന്റ് ലാബ് | “ |
| 11 | കെയർ ഫാർമ്മ ഫോർ ലാബ് | “ |
| 12 | എസ് ബി ഐ ലൈഫ് ഇൻഷ്വറൻസ് | “ |
| 13 | താജ് ഹോട്ടൽ | “ |
| 14 | ഊട്ടുപുര ഹോട്ടൽ | “ |
| 15 | എം ജി ടി ടൂറിസ്റ്റ് ഹോം | “ |
| 16 | ചന്ദ്രഗിരി ഓഡിറ്റോറിയം | “ |
| 17 | ആപ്പിൾ ബിസിനസ് കോർപ്പറേഷൻ | “ |
| 18 | കേരള കൗമുദി ദിനപത്രം | “ |
| 19 | ദീപിക ദിനപത്രം | “ |
| 20 | കൈരളി ന്യൂസ് | “ |
| 21 | റിപ്പോർട്ടർ ന്യൂസ് | “ |

| | | |
|---|---|---|
| 22 | മംഗളം ന്യൂസ് | “ |
| 23 | ചന്ദ്രിക വയനാട് ബ്യൂറോ | “ |
| 24 | സിറാജ് ന്യൂസ് | “ |
| 25 | മാധ്യമം ന്യൂസ് | “ |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

2.സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. (അർദ്ധ വർഷത്തിൽ 1250/-രൂപ നിരക്കിൽ I,II അർദ്ധ വർഷങ്ങളിലായി ഈടാക്കേണ്ട തുക )

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി | I,II |
| 2 | വനിത മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | I,II |
| 3 | കെ.കെ അസോസിയേറ്റ്സ് | I,II |
| 4 | ജി.കോപ്സ് ഇൻഫ്രാസ്ട്രക്ച്ചർ ടൂറിസം ആന്റ് ഹൗസിംഗ് ബിൽഡേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | I,II |
| 5 | ന്യൂ പെബിൾ റിട്രീറ്റ് സെർവ്വീസ് വില്ല | I,II |
| 6 | കേരള വിഷൻ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | I,II |
| 7 | കെ.കെ റസിഡൻസി | I,II |
| 8 | ഏറനാട് കുറീസ് | I,II |
| 9 | ഒപേര ഇന്റീരിയേഴ്സ് | I,II |
| 10 | ഫോർജ് ഫിറ്റ് സ്റ്റുഡിയോ | I,II |
| 11 | മുത്തൂറ്റ് ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് | II |
| 12 | കരുണ ഡയഗ്നോസ്റ്റിക്സ് | II |
| 13 | മെട്രോ ഫാബ് അലൂമിനിയം ഫാബ്രിക്കേഷൻ | I,II |
| 14 | ബ്ലൂബെല്ല ബ്യൂട്ടി പാർലർ | I,II |
| 15 | ആർ.കെ ഡിസൈനേഴ്സ് | I,II |
| 16 | ശ്രീകൃഷ്ണ റൈസ് മിൽ | I,II |
| 17 | സ്റ്റാർ ടെക്ക് ഫാബ്രിക്കേഷൻ | I,II |
| 18 | ലീഡ്സ് ഹെൽത്ത് കെയർ ലാബ് | I,II |
| 19 | എമിലി ക്ലാസിക് അപ്ഹോൾസ്റ്ററി | I,II |
| 20 | ഐ.സി.എസ് .സിവിൽ അക്കാദമി | I,II |

അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 20/21-22 തിയ്യതി 16.02.23 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വാടക ഈടാക്കാൻ അവശേഷിക്കുന്നു.

2021-22 സാമ്പത്തിക വർഷം കൽപ്പറ്റ നഗരസഭയുടെ പഴം പച്ചക്കറി ചന്ത സ്വകാര്യ വ്യക്തികൾക്ക് വാടകയ്ക്ക് നൽകിയിരുന്നു.എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്നും തൻവർഷം ലഭിക്കേണ്ട മുഴുവൻ വാടകയും ലഭിച്ചിട്ടില്ല .വിശദ വിവരം ചുവടെ ചേർക്കുന്നു.

<u>പഴം പച്ചക്കറി ചന്ത</u>

| പേര് | റൂം നമ്പർ | പ്രതിമാസ വാടക | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|---|
| റസാഖ് | 13/720/2 | ₹2376 | 04/21-03/22 | 28512 (2376x12) |

| | | | | |
|---|---|---|---|---|
| സണ്ണി മാത്യു | 13/720/3 | ₹2475 | 04/21 - 03/22 | 29700 (2475x12) |
| അപ്പുക്കുട്ടൻ | 13/720/4 | ₹2669 | 04/21- 03/22 | 32028 (2669x12) |
| റഫീഖ് | 13/720/9 | ₹2525 | 11/21 - 03/22 | 12625 (2525x5) |
| എ.ഇ.ഒ വൈത്തിരി | 13/720 /17,18,19,20,21,22 | ₹6591 | 04/21 -03/22 | 79092 (6591x12) |
| ഷാഹുലാബി | 13/720/33 | ₹1018 | 04/21 -03/22 | 12216 (1018x12) |
| ഫസൽ.കെ | 13/720/28 | ₹1507 | 04/21 -03/22 | 18084 (1507x12) |
| ഇബ്രാഹിം | 13/720/36 | ₹1004 | 04/21 -03/22 | 12048 (1004x12) |
| ഇബ്രാഹിം | 13/720/31 | ₹2948 | 04/21 -03/22 | 35376 (2948x12) |
| അബ്ദുൾ അസീസ് | 13/720/30 | ₹2948 | 04/21 -03/22 | 35376 (2948x12) |

ബന്ധപ്പെട്ട വാടകക്കാരിൽ നിന്നും വാടക ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 21/21-22 തിയ്യതി 16.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.വാടക ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-14 വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ

നഗരസഭയിലെ 14-ാം വാർഡിൽ, തറ നിലയിൽ 248.98 ചതുരശ്രമീറ്ററും, ഒന്നാം നിലയിൽ 277.30 ചതുരശ്രമീറ്ററും , രണ്ടാം നിലയിൽ 32.39 ച.മീറ്ററുള്ള ( ആകെ - 558.67 ച.മീ) വാണിജ്യാവശ്യത്തിന് നിർമ്മിച്ച കെട്ടിടത്തിന് 26/08/2020 ൽ ഒക്യുപെൻസി നൽകിയിട്ടുണ്ട്.നഗരസഭയിൽ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ കൂടുതൽ വിസ്തീർണ്ണമുള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ , ഷോപ്പുകൾ , ഗോഡൗണുകൾ എന്നിവയ്ക്കുള്ള അടിസ്ഥാന വസ്തു നികുതി നിരക്ക് 80 രൂപ/ ച.മീ ആണെന്നിരിക്കേ 60 രൂപ / ച.മീ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. 09/2/2023 ന് നടത്തിയ സ്ഥലപരിശോധനയിൽ ടി കെട്ടിടം രാസവള വിൽപ്പന നടത്തുന്ന കച്ചവട സ്ഥാപനമായി പ്രവർത്തിക്കുന്നു.കൂടാതെ പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 558.67ച.മീറ്ററാണ്. നികുതി നിർണ്ണയിച്ചത് ചുവടെ കൊടുക്കുന്ന തരത്തിലാണ് (വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവ് ഉൾപ്പെടെ)

| ക്രമ നം | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി |
|---|---|---|---|---|
| 1 | 14/465/1 – താഴത്തെ നില | 124.5 | 8964+449 | 11952+598 |
| 2 | 14/465/2- താഴത്തെ നില | 83.89 | 6041+303 | 8054+403 |
| 3 | 14/465/3 - താഴത്തെ നില | 40.59 | 2923+147 | 3897+195 |
| 4 | 14/465/4- ഒന്നാം നില | 289.77 | 22298+1115 (*) | 30137+1507 |
| | ആകെ | 538.75 | 40226 + 2014 | 54040+2703 |

(* വഴി സൗകര്യം 20% , 15% വർദ്ധനവ് – 200 ച.മീ കൂടുതലുള്ള കെട്ടിടങ്ങൾക്ക് തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ , 5% ഇളവ് – വാണിജ്യ കെട്ടിടങ്ങൾളുടെ ഒന്നാം നില)

കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 558.67ച.മീറ്ററാണ്. എന്നാൽ 538.75 ച.മീ ന് മാത്രമാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. നികുതി നിർണ്ണയിച്ചതിലെ അപാകതയാൽ ടി കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതിയിനത്തിൽ 13814/- രൂപയുടെയും, ലൈബ്രറി സെസ്സ് ഇനത്തിൽ 689/- രൂപയുടെയും കുറവുണ്ടായിട്ടുണ്ട്.

19.92 ച.മീറ്ററിന് നികുതി നിർണ്ണയിച്ചിട്ടില്ല. 09/2/2023 ന് നടത്തിയ സ്ഥലപരിശോധനയിൽ പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള പാർക്കിംഗ് സ്ഥലങ്ങൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി കണ്ടു. പാർക്കിംഗ് പ്ലാൻ പ്രകാരം കെട്ടിടത്തിന് ആകെ 6 കാർ പാർക്കിംഗ്, കെട്ടിടത്തിന്റെ പുറക് ഭാഗത്ത് സ്കൂട്ടർ പാർക്കിംഗ് എന്നിവ കാണിച്ചിട്ടുണ്ട്. ഒരു കാർ പാർക്കിംഗ്, സ്കൂട്ടർ പാർക്കിംഗ് എന്നിവ നിലവിൽ ഉപയോഗിക്കാൻ സാധിക്കാത്ത അവസ്ഥയിലാണ്. മുൻഭാഗത്തൊഴികെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം കെട്ടിടത്തിന് ചുറ്റും നിർബന്ധമായും ഒഴിച്ചിടേണ്ട സ്ഥലമെല്ലാം ഷീറ്റ് കൊണ്ട് മറച്ച രീതിയിലാണ്.

അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/21-22/ 10.02.2023 ) മറുപടി നൽകിയിട്ടില്ല. പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണമായ 558.67ച.മീറ്ററിന് നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.
ചട്ടപ്രകാരമുള്ള നികുതി നിർണ്ണയിക്കാത്തതിനാൽ 2020-21 രണ്ടാം അർദ്ധ വർഷം ₹6907/- രൂപയും, 2021-22 ൽ ₹13814 ഉൾപ്പെടെ ₹20721/- രൂപ വസ്തുനികുതിയിനത്തിലും, ലൈബ്രറി സെസ്സിനത്തിൽ യഥാക്രമം ₹345/- , ₹689/- ഉൾപ്പെടെ ₹1034/- രൂപയും ഉൾപ്പെടെ ആകെ 21755 രൂപ നഷ്ടം വന്നിട്ടുണ്ട് .ആയത് ഉത്തരവാദികളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-15 നഗരസഭയുടെ സ്ഥലം കൈയ്യേറി പാർക്കിംഗ് സ്ഥലം ഒരുക്കിയ കെട്ടിടത്തിന് നമ്പർ അനുവദിച്ചു

നഗരസഭയിൽ നിലവിലുണ്ടായിരുന്ന 13/853(4,5,8,9,10,11,12,13,14) നമ്പർ കെട്ടിടങ്ങൾ F ഉപയോഗക്രമത്തിൽ നിന്നും A2 ഉപയോഗ ക്രമത്തിലേക്ക് മാറ്റുന്നതിന് 274/15-16 പ്രകാരം പെർമിറ്റ് നൽകിയതിന് 07/10/2021 ൽ 822.86 ച.മീ കെട്ടിടത്തിന് കമേഴ്സ്യൽ കം സ്പെഷ്യൽ റെസിഡൻസ് ഉപയോഗക്രമത്തിന് ഒക്യുപെൻസി നൽകുകയും,697.04ച.മീ കെട്ടിടത്തിന് ഉപയോഗക്രമം മാറ്റി നൽകുകയും ചെയ്തിട്ടുണ്ട്. ലൊക്കേഷൻ സ്കെച്ച് ഫയലിൽ ലഭ്യമല്ല. NH 212 ന് അഭിമുഖമായി സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ തെക്ക് ലിയോ ഹോസ്പിറ്റൽ റോഡും, കിഴക്ക് കെട്ടിടവും , വടക്ക് കെട്ടിടവും കൽപ്പറ്റ പുതിയ ബസ്റ്റാന്റ് റോഡിൽ നിന്ന് 2.25മീ വീതിയുള്ള സ്കൂട്ടർ ഡ്രൈവേയുമാണ്. ടൗൺ പ്ലാനിംഗ് സ്കീം പ്രകാരം ലിയോ ഹോസ്പിറ്റൽ റോഡിന് 6 മീറ്റർ വീതിയുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരം മുൻഭാഗത്തിന് 11.61 മീറ്റർ നീളവും, 5.90 മീറ്റർ മുതൽ 8.40 മീറ്റർ വരെ വീതിയും, തെക്ക് ഭാഗത്ത് 19.69 മീറ്റർ നീളവും , 4.20 മീറ്റർ മുതൽ 4.37 മീറ്റർ വരെ വീതിയും, കിഴക്ക് ഭാഗത്ത് 3.70 മീറ്റർ മുതൽ 4.33 മീറ്റർ വീതിയുമുണ്ട്. മുൻഭാഗത്ത് 6 പാർക്കിംഗും, തെക്ക് ഭാഗത്ത് ഒരു ഡിസേബിൾ പാർക്കിംഗുൾപ്പെടെ ആകെ 3 കാർ പാർക്കിംഗ് യൂണിറ്റുകളും , കെട്ടിടത്തിന്റെ പിറകിൽ ഒരു കാർ പാർക്കിംഗ് യൂണിറ്റും , 40.26 ച.മീറ്ററുള്ള സ്കൂട്ടർ പാർക്കിംഗ് സ്ഥലവുമാണുള്ളത്. മുൻഭാഗത്ത് 1.45 മീ വീതിയുള്ള ഡ്രെയിനേജും, തെക്ക് ഭാഗത്ത് സ്ഥലത്തിന്റെ അതിർത്തിയായി 1.10 മീ വീതിയുള്ള ഡ്രെയിനേജുമുണ്ട്. പ്ലാൻ പ്രകാരം താഴത്തെ നില ഷോപ്പ് റൂം, സ്നാക്സ് കൗണ്ടർ ,കിച്ചൺ, റിസപ്ഷനായും , ഒന്നാം നിലയും രണ്ടാം നിലയും ലോഡ്ജിംഗ് ആവശ്യത്തിനുമുള്ള തരത്തിലാണ്.

09/2/2023 ന് നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടത്തിന്റെ സെറ്റ് ബാക്കുകൾ പ്ലാനുമായി പൊരുത്തപ്പെടാത്തതായും , പാർക്കിംഗ് യൂണിറ്റുകൾ തരം മാറ്റിയതായും, തെക്ക് ഭാഗത്തെ ഡ്രെയിനേജ് കോൺക്രീറ്റ് ചെയ്ത് പാർക്കിംഗ് യൂണിറ്റായി ഉപയോഗിക്കുന്നതായും ബോധ്യപ്പെട്ടു. മുൻഭാഗത്ത് 11.61 മീറ്റർ നീളവും,5.57 മീറ്റർ മുതൽ 7.60 മീറ്റർ വരെ വീതിയും, തെക്ക് ഭാഗത്ത് 19.69 മീറ്റർ നീളവും 3.35 മീറ്റർ മുതൽ 4.05 മീറ്റർ വരെ വീതിയും , കിഴക്ക് ഭാഗത്ത് 3.50 മീറ്റർ മുതൽ 1.30 മീറ്റർ വരെ വീതിയുമാണുള്ളത്. മുൻഭാഗത്തെ ഒന്നാം നമ്പർ കാർ പാർക്കിംഗായി കാണിച്ചിരിക്കുന്ന സ്ഥലത്ത് ഒരു ഫുഡ് കോർണറും,പിറകിലെ 10 -ാം നമ്പർ കാർ പാർക്കിംഗ് യൂണിറ്റ് ജനറേറ്റർ യൂണിറ്റായും , പുറകു വശത്തെ സ്കൂട്ടർ പാർക്കിംഗ് സ്ഥലം വശങ്ങളെല്ലാം ഷീറ്റിട്ട് മറച്ച് അടുക്കളയായും പ്രവർത്തിക്കുന്നു.

ലിയോ ഹോസ്പിറ്റൽ റോഡിൽ ഡ്രെയിനേജിന് 80 സെ.മീ വിതിയും, 50 സെ.മീ ഷോൾഡറുമാണുള്ളത്. പ്ലാൻ പ്രകാരം തെക്ക് ഭാഗത്ത് കെട്ടിടത്തിൽ നിന്ന് ലിയോ ഹോസ്പിറ്റൽ റോഡ് ക്യാരിയേജ് വേയിലേക്ക് 5.3മീ (4.20+1.10) മുതൽ 5.47മീറ്റർ (4.37+1.10) വരെ അകലമുണ്ടാകേണ്ടതാണ്. നിലവിൽ ഇത് 3.50 മീറ്റർ മുതൽ 4.80 മീറ്റർ വരെയാണ്. . പ്ലാൻ പ്രകാരമുള്ള ഡ്രെയിനേജ് പരിഗണിച്ചാൽ കെട്ടിടത്തിന്റെ തെക്ക് ഭാഗത്ത് അവശേഷിക്കുന്നത് 2.4 മീറ്റർ (3.5- 1.10 )മുതൽ 3.7 (4.80- 1.10) മീറ്റർ വീതിയാണ്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം 6 മീ വീതിയുള്ള റോഡിന് സമീപം 3 മീറ്റർ സെറ്റ് ബാക്ക് ആവശ്യമാണ്. പരിശോധന സമയത്ത് കെട്ടിടത്തിന്റെ തെക്ക് ഭാഗത്തെ ഡ്രെയിനേജ് ദൃശ്യമല്ല. ഡ്രെയിനേജിനുമേൽ കോൺക്രീറ്റ് ചെയ്ത് പാർക്കിംഗ് സ്ഥലമായി ഉപയോഗിക്കുന്നു. ആയതിനാൽ സുഗമമായ ഒഴുക്ക് നഷ്ടപ്പെട്ട് ഡ്രെയിനേജിൽ മലിനജലം കെട്ടി കിടന്ന് ദുർഗന്ധം വമിക്കുന്ന നിലയിലാണ്.

ഒക്യുപെൻസി നൽകിയ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ താഴത്തെ നില ഷോപ്പായും, ഒന്നാം നിലയും, രണ്ടാം നിലയും ലോഡ്ജിംഗ് റൂമുകളായും നികുതി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ താഴത്തെ നില റെസ്റ്റോറന്റായും , ഒന്നാം നിലയിലെ ലോഡ്ജിംഗ് റൂമുകളും , ടോയ്ലെറ്റുകളും പൊളിച്ചു മാറ്റി റെസ്റ്റോറന്റായി ഉപയോഗിക്കാവുന്ന തരത്തിൽ പ്രവർത്തികൾ നടത്തിക്കൊണ്ടിരിക്കുകയുമാണ്. രണ്ടാം നില ലോഡ്ജിംഗ് റൂമുകളായി തന്നെയാണ് പ്രവർത്തിക്കുന്നത്.

സൈറ്റ് പ്ലാൻ പ്രകാരം മുൻഭാഗത്ത് എൻ.എച്ച് ൽ നിന്നും 5 മീറ്റർ വീതിയുള്ള പ്രവേശന മാർഗ്ഗം കാണിച്ചിട്ടുണ്ട്. പാർക്കിംഗ് പ്ലാനിൽ 3,4 എന്നീ കാർ പാർക്കിംഗ് യൂണിറ്റുകൾ കാണിച്ചിരിക്കുന്നത് പ്രവേശന മാർഗ്ഗത്തിലാണ്. ചട്ടപ്രകാരം കെട്ടിടത്തിന് ചുറ്റും അവശ്യം ഒഴിവാക്കേണ്ട ദൂരം ഒഴിവാക്കിയാൽ മുൻഭാഗത്തും , തെക്ക് ഭാഗത്തും കാണിച്ചിരിക്കുന്ന ഒരു പാർക്കിംഗും ലഭ്യമാകാത്ത സാഹചര്യം നിലനിൽക്കേയാണ് കെട്ടിടത്തിന് തരം മാറ്റി ക്രമവത്കരിച്ചിരിക്കുന്നത്.

ഒക്യുപെൻസി നൽകിയിരിക്കുന്നത് 822.86 ച.മീറ്ററിനാണെങ്കിലും , നികുതി നിർണ്ണയിച്ചത് 831.47 ച.മീറ്ററിനാണ്. അധിക നിർമ്മാണം നടന്നിട്ടുണ്ടെന്നാണ് ഇത് സൂചിപ്പിക്കുന്നത്. ആയത് പ്ലാനിൽ സൂചിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

ലൊക്കേഷൻ സ്കെച്ചും, കംപ്ലീഷൻ പ്ലാനിലുള്ളതിനേക്കാൾ അധിക വിസ്തീർണ്ണത്തിന് നികുതി ചുമത്തിയതിനും ,ചട്ടപ്രകാരമുള്ള സെറ്റ്ബാക്ക് ലഭ്യമല്ലാത്തതിനാൽ നഗരസഭയുടെ ഡ്രെയിനേജ് കയ്യേറി പാർക്കിംഗ് സ്ഥലമൊരുക്കിയ കെട്ടിടത്തിന് നമ്പർ നൽകിയതിനും വിശദീകരണവും , നിലവിൽ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ തരം മാറ്റൽ പ്രവർത്തികൾ നടത്തുന്നതിന് നഗരസഭയിൽ നിന്നും അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും 15.02.2023 നകം ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/21-22/14.02.2023 ന്) മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകിയത് ക്രമപ്രകാരമല്ല. ആയതിനാൽ കേരള മുനിസിപ്പാലിറ്റി ആക്ട് 1994ലെ വകുപ്പ് 242(1) പ്രകാരം നടപടികൾ സ്വീകരിച്ച് നിർണ്ണയിച്ച വസ്തുനികുതിയുടെ 3 ഇരട്ടി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-16 വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല

താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയെങ്കിലും ,പദ്ധതികളുടെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല.
നിർവ്വഹണം - സെക്രട്ടറി

| ക്രമ നം. | ഇനം, തുക കൈപ്പറ്റിയ സ്ഥാപനം | ചെലവ് തുക | വൗച്ചർ നം / ബിൽ നം തീയതി |
|---|---|---|---|
| 1 | പ്രോജക്ട് നം 11/22<br>SSK -വിഹിതം നൽകൽ<br>SSK Programme Officer | 23,79,151<br>ജനറൽ<br>വികസന ഫണ്ട് | 27/21-22/11.8.21 |
| 2 | പ്രോജക്ട് നം 141/22<br>ജീവനം പദ്ധതി<br>ജില്ലാ പഞ്ചായത്ത്, വയനാട് | 2,00,000<br>ജനറൽ<br>വികസന ഫണ്ട് | 32/21-22/21.2.22 |
| 3 | പ്രോജക്ട് നം 14/22<br>സാമൂഹ്യസുരക്ഷാ മിഷൻ വിഹിതം<br>കേരള സാമൂഹ്യസുരക്ഷാ മിഷന് | 13,11,371<br>ജനറൽ<br>വികസന ഫണ്ട് | 39/21-22/16.10.21 |
| 4 | പ്രോജക്ട് നം 310/22 | 76,00,000 രൂപ | 221013362/10.03.22 |

| | | | |
|---|---|---|---|
| | പൈപ്പ് ലൈൻ നീട്ടൽ<br>കേരള വാട്ടർ അതോറിറ്റി | CFC | |
| | ആകെ | 1,14,90,522 | |

വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കുന്നത് വരെ 1,14,90,522 രൂപ ചെലവഴിച്ചത് തടസ്സത്തിൽ വെക്കുന്നു.

## 1-17 തനത് ഫണ്ട് ചെലവ് അപാകതകൾ

1) ദൈനം ദിന യാത്രയുടെ ട്രിപ്പ് ഷീറ്റ് തയ്യാറാക്കാതെ വാഹന വാടക നൽകി. 2021-22 വർഷത്തിൽ LSGD വിഭാഗത്തിന്റെ ആവശ്യത്തിന് KL54-B 1183 എന്ന വാഹനം വാടകക്ക് എടുത്തതിന് 4,35,000 രൂപ ചെലവഴിച്ചു , എന്നാൽ ഓരോ ദിവസത്തെയും യാത്രയുടെ ട്രിപ്പ് ഷീറ്റ് തയ്യാറാക്കാതെയാണ് തുക നൽകിയത്.
2) പരസ്യ തുക ചെലവ് അപാകതകൾ 2021-22 വർഷത്തിൽ 22100949/4.01.22 , Vr 22101025/24.01.22 പ്രകാരം പത്രപരസ്യത്തിനായി യഥാക്രമം 99518 രൂപ, 86,836 രൂപ ചെലവഴിച്ചു. ഈ ചെലവിൽ 2017-18, 2018-19, 2019-20, 2020-21 വർഷത്തിലെ പത്രപരസ്യത്തിനായുള്ള തുക ഉൾപ്പെട്ടിട്ടുണ്ട്. അതാത് വർഷം തന്നെ തുക നൽകേണ്ടതാണ്.

3)ആവശ്യമായ രേഖകൾ ഇല്ലാതെ ഡെപ്പോസിറ്റ് തിരികെ നൽകി. Vr 22100821/1.12.21 പ്രകാരം 16,600 രൂപ,

ഷൈജൽ പി പി എന്നയാൾക്ക് ഡെപ്പോസിറ്റ് തിരികെ നൽകിയപ്പോൾ ഒറിജിനൽ റസീപ്റ്റ്, നോട്ടറി സത്യവാങ്മൂലം എന്നിവ ഇല്ലാതെയാണ് ഡെപ്പോസിറ്റ് തിരികെ നൽകിയത്.

തനത് ഫണ്ട് ചെലവുകൾ സംബന്ധിച്ച് മേൽ അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-18 ഭിന്നശേഷി സ്കോളർഷിപ്പ്-ട്രഷറി ബില്ലുകൾ, UTR സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല

നിർവ്വഹണം – സെക്രട്ടറി

| ക്രമ നം. | പദ്ധതി | ചെലവ് തുക | വൗച്ചർ നം. / ബിൽ നം തീയതി |
|---|---|---|---|
| 1 | പ്രോജക്ട് നം 13/22<br>ഭിന്നശേഷി സ്കോളർഷിപ്പ്<br>അടങ്കൽ 12,09,700 | 12,09,700<br>General | 1) 811200 രൂപ 22.10.21<br>2) 41500 രൂപ 29.11.21<br>3)255000രൂപ 10.12.21<br>4)51000 രൂപ 27.1.22<br>5)51000 രൂപ 7.3.22 |

ഭിന്നശേഷി സ്കോളർഷിപ്പ് പദ്ധതിയ്ക്കായി 12,09,700 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട് .എന്നാൽ മേൽ ചെലവുകൾ സംബന്ധിച്ച ട്രഷറി ബില്ലുകൾ, UTR സ്റ്റേറ്റ്മെന്റ് എന്നിവ ഓഡിറ്റിന്റെ പരിശോധനക്കായിഹാജരാക്കിയിട്ടില്ല. 12,09,700 രൂപ ചെലവഴിച്ചത് തടസ്സത്തിൽ വെക്കുന്നു. 5/21-22 തീയതി 13.02.2023 പ്രകാരം എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

## 1-19 നഗര സൗന്ദര്യം - പൂച്ചെടി വെച്ചു പിടിപ്പിക്കൽ -അപാകതകൾ

നിർവ്വഹണം – സെക്രട്ടറി

| ക്രമ നം. | പദ്ധതി | ചെലവ് തുക | വൗച്ചർ നം., / ബിൽ നം തീയതി |
|---|---|---|---|
| 1 | പ്രോജക്റ്റ് നം 128/22<br>നഗര സൗന്ദര്യം - പൂച്ചെടി വെച്ചു പിടിപ്പിക്കൽ<br>അടങ്കൽ -5,00,000(CFC) | 4,95,000 (CFC) | 1) 4,95,000 രൂപ 23.3.22 |

കൽപ്പറ്റ നഗരത്തിൽ , എട്ട് ഇഞ്ച് ചെടി ചട്ടി മെറ്റൽ ക്ലാമ്പ് സഹിതം മെലസ്റ്റോ, റോസ്, ചെമ്പരത്തി, ഓർക്കിഡ് മുതലായ 1400 ചെടികൾ സ്ഥാപിക്കുന്നതിനും ചെടികൾക്ക് വളവും ജൈവ കീടനാശിനികളും നൽകി പരിപാലിക്കുന്നതിനുമാണ് 5 ലക്ഷം രൂപ വകയിരുത്തിയ പദ്ധതിയ്ക്ക് ടെണ്ടർ വിളിച്ചത്. എസ്റ്റിമേറ്റ് നിരക്ക് ക്വോട്ട് ചെയ്ത കൽപ്പറ്റ ബായീസ് ഗാർഡനാണ് സപ്ലൈ ഓർഡർ നൽകിയത്.

പദ്ധതിയിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു

1)ഒരു ചെടി ചട്ടിക്ക് ഇത്ര രൂപ എന്ന നിലക്കാണ് ടെണ്ടർ വിളിക്കേണ്ടിയിരുന്നത്.എന്നാൽ മൊത്തം തുകക്കാണ് ടെണ്ടർ വിളിച്ചിരിക്കുന്നത്.

2)1,400 ചെടികൾ വാങ്ങിയതിന്റെ ടാക്സ് ഇൻവോയിസ് ഹാജരാക്കിയിട്ടില്ല

3) 1,400 ചെടികൾ വാങ്ങിയതിൽ മുഴുവനും നഗരത്തിൽ സ്ഥാപിച്ചിട്ടില്ല. നൂറോളം ചെടി ചട്ടികൾ നഗരസഭാ ഓഫീസ് കോമ്പൗണ്ടിൽ നിലവിൽ സൂക്ഷിച്ചിരിക്കുന്നു.ഇവ നഗരത്തിൽ സ്ഥാപിക്കാൻ വാങ്ങിയതാണ്.

അപാകതകൾ പരിഹരിക്കേണ്ടതാണ്

## 1-20 ഭവന പൂർത്തീകരണം -സർക്കാർ ഉത്തരവിന് വിരുദ്ധം- ₹ 22,60,000.00 തടസ്സപ്പെടുത്തുന്നു.

പട്ടികജാതി വികസന ഓഫീസർ 2021-22 സാമ്പത്തിക വർഷം പട്ടികജാതി വിഭാഗം ഭവന പൂർത്തീകരണത്തിന് പ്രത്യേക ധനസഹായം എന്ന പദ്ധതിയിൽ തുക ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നം. | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0063/22 | പട്ടികജാതി വിഭാഗം ഭവന പൂർത്തീകരണത്തിന് പ്രത്യേക ധനസഹായം | 23,50,000.00 (വികസനഫണ്ട്- എസ്.സി.പി) | 2,25,000.00 (ബിൽ നം. 12/21-22 /25.11.21)<br>1,35,000.00 (ബിൽ നം. 11/21-22 /25.11.21)<br>1,35,000.00 (ബിൽ നം. 14/21-22 /30.11.21)<br>5,25,000.00 (ബിൽ നം. 19/21-22 |

| | | | | | |
|---|---|---|---|---|---|
| | | | | /18.12.21)<br>1,35,000.00<br>(ബിൽ നം.<br>27/21-22/27.12.21)<br>1,00,000.00<br>(ബിൽ നം.<br>25/21-22/27.12.21)<br>75,000.00<br>(ബിൽ നം.<br>24/21-22/27.12.21)<br>75,000.00<br>(ബിൽ നം.<br>23/21-22/27.12.21)<br>75,000.00<br>(ബിൽ നം.<br>29/21-22/12.01.22)<br>45,000.00<br>(ബിൽ നം.<br>32/21-22/18.01.22)<br>1,80,000.00<br>(ബിൽ നം.<br>34/21-22/31.01.22)<br>30,000.00<br>(ബിൽ നം.<br>35/21-22/19.02.22)<br>90,000.00<br>(ബിൽ നം.<br>37/21-22/19.02.22)<br>75,000.00<br>(ബിൽ നം.<br>38/21-22/19.02.22)<br>1,05,000.00<br>(ബിൽ നം.<br>46/21-22/17.03.22)<br>90,000.00<br>(ബിൽ നം.<br>47/21-22/21.03.22)<br>30,000.00<br>(ബിൽ നം.<br>50/21-22/25.03.22)<br>30,000.00<br>(ബിൽ നം.<br>53/21-22/03.03.22)<br>30,000.00<br>(ബിൽ നം.<br>55/21-22/03.03.22)<br>75,000.00<br>(ബിൽ നം.<br>57/21-22/31.03.22) | |

| | | | |
|---|---|---|---|
| | | | ആകെ -<br>22,60,000.00 |

സർക്കാർ ഉത്തരവ് (സാധാ)നം. 483/2019/പജപവവിവ/14.06.2019 പ്രകാരം വിവിധ വകുപ്പുകൾ മുഖേന ഭവന നിർമ്മാണ ധനസഹായ തുക പൂർണ്ണമായും കൈപ്പറ്റി കഴിഞ്ഞിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് നിർമ്മാണം പൂർത്തീകരിക്കുന്നതിനും, നിർദ്ദിഷ്ട രീതിയിലുള്ള മേൽക്കൂര നിർമ്മിക്കാത്തത് മൂലം അവസാന ഗഡു കൈപ്പറ്റാൻ കഴിയാത്തവർക്കും എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി ഒന്നരലക്ഷം രൂപ വരെ അനുവദിക്കുകയാണ് പട്ടികജാതി വിഭാഗം ഭവന പൂർത്തീകരണത്തിന് പ്രത്യേക ധനസഹായം എന്ന പദ്ധതിയിൽ ലക്ഷ്യം വെക്കുന്നത്. മേൽ ഉത്തരവ് പ്രകാരം 16 ഗുണഭോക്താക്കൾക്ക് ₹ 1,50,000.00 വെച്ച് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പരിശോധനയിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ പറയുന്നു.

1. സർക്കാർ ഉത്തരവ് (സാധാ)നം. 483/2019/പജപവവിവ/14.06.2019, ഖണ്ഡിക 3 പ്രകാരം എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി ഒന്നരലക്ഷം രൂപ വരെ പ്രത്യേക ധനസഹായം 2019-20 വർഷത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന 5000 ഗുണഭോക്താക്കൾക്ക് 2225-01-283-89 ഭവനരഹിതർക്ക് ഭവനം(പി) എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്.മേൽ ഉത്തരവിന്റെ ഖണ്ഡിക 5 പ്രകാരം മേൽ പ്രകാരം അനുവദിക്കുന്ന തുക മൂന്ന് ഗഡുക്കളായി വകുപ്പിന്റെ ഇ-ഹൗസിംഗ് സൈറ്റ് വഴി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്.അതായത്, മേൽ പദ്ധതി പട്ടികജാതി വികസന വകുപ്പിന്റെ പ്രത്യേക പദ്ധതിയാണ് എന്നും, മേൽ തുക പട്ടികജാതി വികസന വകുപ്പിന്റെ ഇ-ഹൗസിംഗ് സൈറ്റ് വഴി പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 2225-01-283-89 ഭവനരഹിതർക്ക് ഭവനം(പി) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കേണ്ടത് ആയിരുന്നു. എന്നാൽ, കൽപ്പറ്റ നഗരസഭയുടെ പ്ലാൻ ഫണ്ടിൽ നിന്നുമാണ് ചെലവ് മുഴുവൻ നടത്തിയിരിക്കുന്നത്.

2. വിവിധ വകുപ്പുകളിൽ നിന്നും ധനസഹായത്തിനുള്ള തുക കൈപ്പറ്റി 10 വർഷം വരെയായവർക്കും ഒരു ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ളവർക്കുമാണ് ധനസഹായം അനുവദിക്കുന്നത്.എന്നാൽ, ഗുണഭോക്താക്കളുടെ മുൻ വർഷ ധനസഹായം കൈപ്പറ്റിയതിന്റെ രജിസ്റ്ററുകൾ/ഫയലുകൾ ലഭ്യമാക്കിയിട്ടില്ല.23 വർഷം പഴക്കമുള്ള ശ്രീമതി.കല്ല്യാണി ബാലന്റെ വീടിനും 1,50,000.00 രൂപ നൽകിയിട്ടുണ്ട്(നഗരസഭ സെക്രട്ടറിയുടെ കത്ത് നം. R1-8421/21 /14.077.21 പ്രകാരം വീട്ട് നം. 1/186 -ന് 23 വർഷം പഴക്കമുള്ളതാണ്).

3.താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ ഫയലിൽ കാലപ്പഴക്ക സാക്ഷ്യപത്രം ഇല്ല.

1.അമ്മു.സി.വി

2. മുരളി.പി

3. മണിയമ്മ

4.ഷീന.എം

5. ശരണ്യ ചന്ദ്രൻ

6.മനോജ് കുമാർ എം.പി

7.ഷിനി കെ.എം

8.ഷിബു.എം (കാലപ്പഴക്ക, ഉടമസ്ഥാവകാശ സാക്ഷ്യപത്രം ഇല്ല.വാല്യവേഷൻ ഇല്ല.വീടിന്റെ അവസാനത്തെ ഫോട്ടോ ഇല്ല.)

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.10/21-22/14.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച ₹ 22,60,000.00 തടസ്സപ്പെടുത്തുന്നു. മേൽ തുക നഗരസഭ ഫണ്ടിലേക്ക് അടവാക്കി അറിയിക്കേണ്ടതാണ്.

## 1-21 രേഖകൾ ഹാജരാക്കിയിട്ടില്ല-₹ 5,40,000.00 തടസ്സപ്പെടുത്തുന്നു.

പട്ടികജാതി വികസന ഓഫീസർ 2021-22 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളുടെ ഫയലുകൾ, രജിസ്റ്ററുകൾ, മറ്റ് രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നം. | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0331/22 | എസ്.സി ഭവന റിപ്പയർ ധനസഹായം | 5,00,000.00 (വികസനഫണ്ട്-എസ്.സി.പി) | 4,00,000.00 (ബിൽ നം. 4/21-22/21.10.21)<br>20,000.00 (ബിൽ നം. 3/21-22 /06.11.21) |

| | | | |
|---|---|---|---|
| | | | 20,000.00 (ബിൽ നം. 28/21-22/30.12.21)<br>20,000.00 (ബിൽ നം. 30/21-22/12.01.22)<br>40,000.00 (ബിൽ നം. 44/21-22/17.03.22)<br>ആകെ - 5,00,000.00 |
| S0295/22 | ലൈഫ് മിഷൻ എസ്.സി വിഭാഗം പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം | 40,000.00 (വികസനഫണ്ട്-എസ്.സി.പി) | 40,000.00 (ബിൽനം.39/2021-22 /15.03.22) |

മേൽ പദ്ധതികളുടെ ചെലവ് രേഖകൾ (ഫയലുകൾ, രജിസ്റ്ററുകൾ, മറ്റ് രേഖകൾ) നിലവിലും ലഭ്യമാക്കിയിട്ടില്ല. 1997-ലെ കേരള മുൻസിപ്പാലിറ്റി(പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം ബന്ധപ്പെട്ട രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ, കണക്കോ നിലവിലില്ലാ എന്ന് കരുതപ്പെടുന്നതും അതനുസരിച്ചുള്ള നിഗമനത്തിൽ എത്താവുന്നതാണ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.10/21-22/14.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവഴിച്ച ₹ 5,40,000 തടസ്സപ്പെടുത്തുന്നു.

1-22 സൈക്കിൾ വിതരണം-മാർഗ്ഗരേഖ പാലിച്ചിട്ടില്ല

പട്ടികജാതി വികസന ഓഫീസർ 2021-22 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ 8,9,10 ക്ലാസ്സുകളിലെ പട്ടികജാതി പെൺകുട്ടികൾക്ക് സൈക്കിൾ വിതരണം എന്ന പദ്ധതിയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0296/22 | 8,9,10 ക്ലാസ്സുകളിലെ പട്ടികജാതി പെൺകുട്ടികൾക്ക് സൈക്കിൾ വിതരണം | 50,000.00 (വികസനഫണ്ട്-എസ്.സി.പി) | 15,000.00 (ബിൽ നം. 16/21-22/17.12.21)<br>35,000.00 (ബിൽ നം. 17/21-22/17.12.21)<br>ആകെ - 50,000.00 |

മേൽ പ്രോജക്ട് പ്രകാരം ₹50,000/- ചെലവിൽ പത്ത് പേർക്ക് സൈക്കിൾ നൽകിയിട്ടുണ്ട്. 13-ാം പഞ്ചവൽസര പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനും ധനസഹായം നൽകുന്നതിനുമായുള്ള മാർഗ്ഗരേഖ [ജി.ഒ.(എം.എസ്.)നം. 80/2017/തസ്വഭവ, 03.04.2017] പ്രകാരം സൈക്കിൾ വാങ്ങി നൽകുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ 13-ാം പഞ്ചവൽസര പദ്ധതിയുടെ അവശേഷിക്കുന്ന വർഷങ്ങളിലേക്കുള്ള സബ്സിഡി മാർഗ്ഗരേഖയിൽ [ജി.ഒ.(എം.എസ്.)നം. 22/2018/തസ്വഭവ, 14.02.2018] സൈക്കിൾ വാങ്ങി നൽകുന്നതിന് അനുമതി നൽകിയിട്ടില്ല. സബ്സിഡി മാനദണ്ഡങ്ങളും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് മുമ്പ് പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉത്തരവുകൾക്കും പകരമാണ് ഈ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതെന്ന് ഉത്തരവിൽ പ്രത്യേകം പറഞ്ഞിട്ടുണ്ട്. മാർഗ്ഗരേഖയിലെ ഖണ്ഡിക 2.2 അനുസരിച്ച് പ്രസ്തുത മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിനോ, ഒരോ ഇനത്തിനും പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗത്തിനോ, ഓരോ ഇനത്തിനും പറഞ്ഞിട്ടുള്ളതിൽ അധിക നിരക്കിലോ സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ഖണ്ഡിക 2.3 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കാവുന്നതാണ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.11/21-22/14.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക ₹50,000 തടസ്സത്തിൽ വയ്ക്കുന്നു

## 1-23 മെറിറ്റോറിയസ് സ്കോളർഷിപ്പ്-₹ 10,40,000.00 തടസ്സപ്പെടുത്തുന്നു.

പട്ടികജാതി വികസന ഓഫീസർ 2021-22 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്ന പദ്ധതിയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0033/22 | മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകൽ | 10,60,000.00 (വികസനഫണ്ട്-എസ്.സി.പി) | 1,80,000.00 (ബിൽ നം. 4/21-22 /12.11.21)<br>80,000.00 (ബിൽ നം. 40/21-22 /25.03.22)<br>1,20,000.00 (ബിൽ നം. 7/21-22 /22.11.21)<br>15,000.00 (ബിൽ നം. 9/21-22 /19.11.21)<br>15,000.00 (ബിൽ നം. 8/21-22 /19.11.21)<br>1,45,000.00 (ബിൽ നം. 48/21-22 /21.03.22) |

| | | | |
|---|---|---|---|
| | | | 2,25,000.00 (ബിൽ നം. 36/21-22 /19.02.22)<br>2,45,000.00 (ബിൽ നം. 2/21-22 /21.10.21)<br>15,000.00 (ബിൽ നം. 40/21-22 /25.03.22)<br>ആകെ - 10,40,000.00 |

മേൽ പദ്ധതി പ്രകാരം 40 എസ്.സി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകുകയാണ് ചെയ്തിരിക്കുന്നത്. അപാകതകൾ താഴെ കൊടുക്കുന്നു.

